**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **12-09-2023 - ൽ മറുപടിയ്ക്ക്**

**പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; മികച്ച ഉല്പാദനശേഷിയുള്ള കന്നുകാലികളുടെ തലമുറയെ രൂപപ്പെടുത്തുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ട്; ഈ പദ്ധതി മുഖേന എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ശാസ്ത്രീയ രീതിയിൽ കന്നുകുട്ടി പരിപാലനം ഉറപ്പ വരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് "പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി" നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് സംയുക്തമായി നടത്തിവരുന്നതുൾപ്പെടെ താഴെ പറയുന്ന മൂന്ന് പദ്ധതികളാണ് "പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി" യുടെ കീഴിലുള്ളത്.<br><br>1. ഗോവർദ്ധിനി<br><br>2. കാഫ് അഡോപ്ഷൻ പ്രോഗ്രാം- CAP<br><br>3. ഗ്രാമപഞ്ചായത്ത് പദ്ധതി (GP)<br><br>കിടാരികളുടെ ആദ്യ പ്രസവം നേരത്തെ ആക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കിടാരികൾ യഥാ സമയം പ്രായപൂർത്തിയാകുക, പരമാവധി 28 മാസത്തിനകം പ്രസവിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ 4-6 മാസം പ്രായമുള്ളതും തൃപ്തികരമായി ആരോഗ്യമുള്ളതുമായ പശുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തി 50% സബ്ഡിസി നിരക്കിൽ സമീകൃത തീറ്റയും ഇൻഷുറൻസ് പരിരക്ഷയും നൽകുന്നു. കർഷകർക്ക് ശാസ്ത്രീയ പരിശീലനം, കന്നുകുട്ടികൾക്ക് യഥാസമയം ആരോഗ്യ പരിരക്ഷ, ധാതുലവണ മിശ്രിതം, വിരമരുന്ന്, പ്രതിരോധ കുത്തിവെയ്പ്പ് എന്നിവ ഉറപ്പ വരുത്തി അത്യുല്പാദന ശേഷി ഉള്ള പശുക്കളാക്കി വളർത്തിയെടുക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മികച്ച ഉല്പാദനശേഷിയുള്ള കന്നുകാലികളുടെ തലമുറയെ |

| | | | |
|---|---|---|---|
| | | | രൂപപ്പെടുത്തുന്നതിന് ഈ പദ്ധതി താഴെ പറയുന്ന രീതിയിൽ സഹായകരമായിട്ടുണ്ട്;<br><br>1. സംസ്ഥാനത്ത് ശാസ്ത്രീയ രീതിയിൽ കന്നുകുട്ടി പരിപാലനം ഉറപ്പു വരുത്തുന്നു.<br><br>2. കർഷകർക്ക് ശാസ്ത്രീയ പരിശീലനം ലഭിക്കുകവഴി മികച്ച കന്നുകാലികളുടെ തലമുറയെ രൂപപ്പെടുത്തുന്നതിന് സഹായിക്കുന്നു.<br><br>3. കന്നുക്കുട്ടികൾക്ക് വിരമരുന്ന്, ധാതു ലവണ മിശ്രിതം, കാലാകാലങ്ങളിലുള്ള വാക്സിനേഷൻ എന്നിവ ഉറപ്പാക്കുന്നു.<br><br>4. തീറ്റപ്പുൽ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിലൂടെ പുല്ലുൽപാദനവും വർദ്ധിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് പശുക്കുട്ടികളെ വളർത്തുന്നതിന് സബ്സിഡി നൽകുന്നുണ്ടോ; | (ബി) | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കന്നുകുട്ടി ഒന്നിന് നിലവിൽ ആകെ 12,500/- രൂപയാണ് പരമാവധി സബ്സിഡി നൽകുന്നത്. ഗോവർദ്ധിനി പദ്ധതിയിൽ 50% സംസ്ഥാന വിഹിതമായി സബ്സിഡി നൽകുന്നു. കാഫ് അഡോപ്ഷൻ പ്രോഗ്രാം- CAP വഴി 25% സംസ്ഥാനാവിഷ്കൃത വിഹിതവും, 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് ആകെ 50% സബ്സിഡിയായി നൽകുന്നു. ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ (GP) 50% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി സബ്സിഡി നൽകുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 100% സബ്സിഡി അനുവദനീയമാണ് |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മേഖലയിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ? | (സി) | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി പ്രകാരം 1,17,724 കന്നുകുട്ടികൾക്ക് ആനുകൂല്യങ്ങൾ അനുഭവവേദ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കറവയുള്ള പശു, എരുമ, ഗർഭിണിക്കിടാരി, കന്നുക്കുട്ടി, കാളക്കുട്ടി, പോത്തുകുട്ടി, കറവ യന്ത്രം, പശുകുട്ടികൾക്ക് കാഫ് സ്റ്റാർട്ടർ, ധാതു ലവണങ്ങൾ, വിരമരുന്ന്, തീറ്റപ്പുൽ കൃഷിക്ക് ഉള്ള വിത്ത്, നടീൽ വസ്തുക്കൾ, കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്നിവക്ക് സബ്സിഡി നൽകൽ, മിനി ഡയറി ഫാം ആധുനികവൽകരണം, ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളം ആക്കുന്ന യൂണിറ്റ്, കാലിത്തൊഴുത്തിന് വളക്കുഴിയും മൂത്രതൊട്ടിയും നിർമ്മാണം, കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം ഡയറി ഫാം, മിനി എലിവേറ്റഡ് കാറ്റിൽ ഷെഡ് നിർമ്മാണം |

| | | | |
|---|---|---|---|
| | | | എന്നിവക്കുള്ള ധനസഹായം, പാൽ സംഭരണവും വിതരണവും വാതിൽ പടിക്കൽ നടത്തുന്നതിന് വനിതകൾക്കുള്ള വ്യക്തിഗത സഹായം, കാഫ് സാറ്റലൈറ്റ് പ്രോജക്റ്റ്, ജന്തുജന്യ രോഗങ്ങളും രോഗ വ്യാപനവും തടയാൻ മരുന്നുകൾ വാങ്ങി നൽകൽ, സമഗ്ര കന്നുകാലി ഇൻഷ്വറൻസ്, പാലിന് സബ്സിഡി എന്നിങ്ങനെ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| വർഷം | പദ്ധതിയുടെ പേര് | കന്നുകുട്ടികളുടെ എണ്ണം |
|---|---|---|
| 2021-22 | CAP | 22,400 |
| 2021-22 | Govardhini | 21,590 |
| 2021-22 | Grama Panchayath (GP) Scheme | 13,687 |
| 2022-23 | Govardhini | 42,410 |
| 2022-23 | Grama Panchayath (GP) Scheme | 17,637 |
| | Total | 1,17,724 |